നവീകരണം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് പരിഗണനയിലാണ്.

(ഇ)(എഫ്)&(ജി) പകൽ ഡ്യൂട്ടിക്കാർക്ക് 9 മണിക്കൂറും രാത്രി ഡ്യൂട്ടിക്കാർക്ക് 15 മണിക്കൂറും ആണ് ജോലിസമയം. ഇതിൽ മാറ്റം വരുത്തുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

123 (2436) ഡ്രൈവർ തസ്തികയിൽ മെക്കാനിക്കായി പ്രൊമോഷൻ

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമനസേനാ വിഭാഗത്തിൽ 3050 രൂപ അടിസ്ഥാന ശമ്പളത്തിൽ ഡ്രൈവർ തസ്തികയിൽ നിയമനം ലഭിച്ച് ജോലി നോക്കിവരുന്നവർക്ക് 4000 രൂപ അടിസ്ഥാന ശമ്പളത്തിൽ മെക്കാനിക്കായി പ്രൊമോഷൻ നൽകിയിട്ടുണ്ടോ;

(ബി) ഇതേ യോഗ്യതയുള്ള ഐ.ടി.ഐ., ഐ.ടി.സി സർട്ടിഫിക്കറ്റ് ഉള്ളവർക്ക് പ്രൊമോഷൻ നൽകാത്തത് എന്തുകൊണ്ടാണ്;

(സി) ഡ്രൈവർ തസ്തികയിൽ നിന്നും മെക്കാനിക്കായി പ്രൊമോഷൻ നൽകുന്നതിനുള്ള യോഗ്യത നിശ്ചയിക്കുവാൻ സ്വീകരിച്ച മാനദണ്ഡം എന്താണ്?

ഉത്തരം

(എ) ഫയർമാൻ-ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ തസ്തികകളിൽ നിയമനം ലഭിച്ചവരിൽ എസ്.എസ്.എൽ.സി പാസാകുകയും, ഗവൺമെന്റ് അംഗീകൃത വർക്ക്ഷോപ്പിലോ, കെ.എസ്.ആർ.ടി.സിയിലോ മെക്കാനിക്കായി 3 വർഷത്തെ പ്രായോഗിക പരിചയവും ഉള്ളവരെ ഡ്രൈവർ മെക്കാനിക്കായി പ്രൊമോഷൻ നൽകി നിയമിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ യോഗ്യതയുള്ള ആർക്കും ഡ്രൈവർ മെക്കാനിക്ക് തസ്തികയിൽ പ്രൊമോഷൻ നിഷേധിച്ചിട്ടില്ല.

(സി) 17-8-98-ലെ സർക്കാർ ഉത്തരവ് (പി)നം99/88/ആഭ്യന്തരം പ്രകാരം അംഗീകരിച്ചിട്ടുള്ള കേരള ഫയർ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരമാണ് മാനദണ്ഡം നിശ്ചയിച്ചിട്ടുള്ളത്.

124 (2437) ഡ്രൈവർമാരുടേയും മെക്കാനിക്കുകളുടേയും സ്ഥലംമാറ്റം

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫയർഫോഴ്സിലെ ഡ്രൈവർമാരുടെയും മെക്കാനിക്കുകളുടെയും സ്ഥലംമാറ്റം സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ; എങ്കിൽ അതെന്തെന്നു വിശദീകരിക്കുമോ;

(ബി) ഈ മാനദണ്ഡങ്ങൾ പ്രകാരമാണോ പ്രസ്തുത ജീവനക്കാർക്ക് ട്രാൻസ്ഫർ നൽകുന്നത്;

LIBRARY ARCHIVES Kerala Legislative Assembly